**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2992 | 15.12.2015 -ൽ മറുപടിക്ക്

## പുതിയ താലൂക്കുകളിലെ തസ്തികകളും പശ്ചാത്തല സൗകര്യങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര താലൂക്കുകൾ അനുവദിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ; | (എ) 12 താലൂക്കുകൾ<br><br>പ്രസ്തുത താലൂക്കുകളുടെ വിവരം അനുബന്ധം-എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) ഇവിടെ ഏതെല്ലാം തസ്തികകൾ അനുവദിച്ചു; ഇനി ഏതെല്ലാം തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ ; | (ബി) പുതിയ താലൂക്കിലേക്ക് അനുവദിച്ച തസ്തികകൾ അനുബന്ധം -ബി ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പുതിയ താലൂക്കുകളിലേക്ക് ഇനി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിവരം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊണ്ടോട്ടി അടക്കമുള്ള താലൂക്കുകൾക്ക് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (സി) സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 12 താലൂക്കുകളിൽ പത്തനംതിട്ട ജില്ലയിലെ കോന്നി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി എന്നീ താലൂക്കുകൾ മിനി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചു വരുന്നത്. പുതിയതായി രൂപീകരിച്ച മറ്റ് താലൂക്കുകളായ കാട്ടാക്കട, വർക്കല, ചാലക്കുടി, പട്ടാമ്പി, ഇരിട്ടി, വെള്ളരിക്കുണ്ട് എന്നിവയ്ക്ക് മിനി സിവിൽ സ്റ്റേഷൻ/ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊണ്ടോട്ടി, മഞ്ചേശ്വരം, ഇടുക്കി എന്നീ താലൂക്കുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക്, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) കൊണ്ടോട്ടി താലൂക്കിൽ നിലവിൽ എത്ര സർവ്വെ സ്റ്റാഫുകൾ ഉണ്ടെന്നും പ്രവർത്തനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിക്കുമോയെന്നും വ്യക്തമാക്കുമോ ? | (ഡി) കൊണ്ടോട്ടി താലൂക്കിൽ നിലവിൽ സർവെ സ്റ്റാഫിലെ ഒരു സർവെയർ ജോലി ചെയ്തുവരുന്നുണ്ട്. പ്രവർത്തനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - എ

| ക്രമ നമ്പർ | ജില്ല | പുതിയ താലൂക്കുകൾ |
|---|---|---|
| 1. | കാസർഗോഡ് | (എ) മഞ്ചേശ്വരം<br>(ബി) വെള്ളരിക്കുണ്ട് |
| 2. | കണ്ണൂർ | ഇരിട്ടി |
| 3. | കോഴിക്കോട് | താമരശ്ശേരി |
| 4. | മലപ്പുറം | കൊണ്ടോട്ടി |
| 5. | പാലക്കാട് | പട്ടാമ്പി |
| 6. | തൃശൂർ | ചാലക്കുടി |
| 7. | ഇടുക്കി | ഇടുക്കി |
| 8. | പത്തനംതിട്ട | കോന്നി |
| 9. | കൊല്ലം | പുനലൂർ |
| 10. | തിരുവനന്തപുരം | (എ) വർക്കല<br>(ബി) കാട്ടാക്കട |

സെക്ഷൻ ഓഫീസർ

അനുബന്ധം - ബി

<u>പുതുതായി സൃഷ്ടിച്ച തസ്തികകൾ</u>

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1. | തഹസിൽദാൽ/അഡീഷണൽ തഹസിൽദാർ | 24 |
| 2. | ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | 120 |
| 3. | ഹെഡ് ക്ലാർക്ക് | 12 |
| 4. | എൽ.ഡി/യു.ഡി .ക്ലാർക്ക് | 440 |
| 5. | യു.ഡി.ടൈപ്പിസ്റ്റ് | 12 |
| 6. | എൽ.ഡി.ടൈപ്പിസ്റ്റ് | 12 |
| 7. | ഡ്രൈവർ | 12 |
| 8. | അറ്റൻഡർ | 12 |
| 9. | പാർട്ട് ടൈം സ്വീപ്പർ | 12(സ്വീപ്പിംഗ് ഏരിയ അനുസരിച്ച് മാത്രം) |

<u>പുനർ വിന്യാസം വഴി കണ്ടെത്തേണ്ട തസ്തികകൾ</u>

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1. | സർവ്വെയർ | 24 |
| 2. | എൽ.ഡി/യു.ഡി ക്ലാർക്ക് | 30 |
| 3. | ഓഫീസ് അറ്റൻഡന്റ് | 48 |
| | ആകെ | 102 |

സെക്ഷൻ ഓഫീസർ